പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3330 25-06-2012 -ൽ മറുപടിക്ക്.

## മുതലമടയിൽ ഡിസ്റ്റിലറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ : | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മുതലമടയിൽ ഡിസ്റ്റിലറി അനുവദിക്കുന്നത് സംബന്ധിച്ച് 09-05-2012-ന് മുഖ്യമന്ത്രി നടത്തിയ വാർത്താസമ്മേളനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 29-03-2012-ന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 52/12/റ്റി.ഡി. നമ്പർ ഉത്തരവിന് വിരുദ്ധമാണോ പ്രസ്തുത പരാമർശം എന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 29-03-2012-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ. (എം.എസ്) നമ്പർ 52/12/റ്റി.ഡി. ഉത്തരവിനനുസൃതമായി തന്നെയാണ് ബഹു. മുഖ്യമന്ത്രി വാർത്താസമ്മേളനം നടത്തിയിട്ടുള്ളത്. |
| (ബി) പ്രസ്തുത സർക്കാർ ഉത്തരവിന് വിരുദ്ധമായി ഡിസ്റ്റിലറിയുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കില്ലെന്ന് മുഖ്യമന്ത്രി പറയാനുണ്ടായ സാഹചര്യമെന്താണ്; | (ബി) മേൽ സർക്കാർ ഉത്തരവ് പ്രകാരം, പ്രസ്തുത ഡിസ്റ്റിലറിയുടെ സ്ഥാപിതശേഷി വർദ്ധിപ്പിച്ച് നൽകിയിട്ടില്ല. നിലവിലുള്ള സ്ഥാപിതശേഷിയിൽ തന്നെ ഡിസ്റ്റിലറി മാറ്റുന്നതിനുള്ള അനുമതി മാത്രമാണ് നൽകിയിട്ടുള്ളത്. |
| (സി) ഇക്കാര്യത്തിൽ എന്തെങ്കിലും തെറ്റിദ്ധാരണ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന് ഇടയാക്കിയവർക്കെതിരെ നടപടി സ്വീകരിക്കുമോ? | (സി) ഇക്കാര്യത്തിൽ, യാതൊരു തെറ്റിദ്ധാരണയും ഉണ്ടായിട്ടില്ല. |

സെക്ഷൻ ആഫീസർ